"ഭരണഭാഷ - മാതൃഭാഷ"

# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നം. ഇ1/38414/12/K.Dis. തീയതി : 04-12-2012

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ക്ലാരമ്മ.എം.ജെ. - ശിശുവികസന പദ്ധതി ഓഫീസർ, ഏറ്റുമാനൂർ അഡീഷണൽ - അവധി - അധികച്ചുമതല മാറി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :1) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 29..11..2012 ലെ മേൽ നമ്പർ ഉത്തരവ്.
:2) ഏറ്റുമാനൂർ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി. ക്ലാരമ്മ.എം.ജെ.യുടെ 30..11..12 ലെ അപേക്ഷ.

ഏറ്റുമാനൂർ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി. ക്ലാരമ്മ. എം.ജെ.ക്ക് 1..12..12 മുതൽ 31..1..13 വരെ വിനിമയ അവധി അനുവദിച്ച് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അവധി കാലയളവിൽ ഏറ്റുമാനൂർ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ ചുമതല ടി പ്രോജക്ടിലെ സൂപ്പർവൈസറായ ശ്രീമതി. ഗീതകുമാരി.ബി. യ്ക്ക് നൽകിയിരുന്നു. എന്നാൽ ടിയാൻ ഓഫീസിൽ ഹാജരാകാത്തതിനാൽ പ്രസ്തുത അധിക ചുമതല കൈമാറി അവധിയിൽ പ്രവേശിക്കുവാൻ കഴിയുന്നില്ലായെന്ന് ശ്രീമതി. ക്ലാരമ്മ പരാമർശം 2 പ്രകാരം അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം ചുമതല ഏറ്റെടുക്കുന്നതിൽ നിന്നും ശ്രീമതി. ഗീതകുമാരി.ബി, സൂപ്പർവൈസർ, ഐ.സി.ഡി.എസ്. ഏറ്റുമാനൂർ അഡീഷണൽ ഒഴിഞ്ഞുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ടി കാര്യാലയത്തിന്റെ അധിക ചുമതലയിൽ നിന്നും ശ്രീമതി. ഗീതകുമാരി.ബി സൂപ്പർവൈസറെ ഒഴിവാക്കിക്കൊണ്ടും പ്രസ്തുത ചുമതല ശ്രീമതി.ജയകുമാരി.ജെ, സൂപ്പർവൈസർ, ഐ.സി.ഡി.എസ്. ഏറ്റുമാനൂർ അഡീഷണൽ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സാമൂഹ്യക്ഷേമ ഡയറക്ടർ

1. ശ്രീമതി. ക്ലാരമ്മ.എം.ജെ, ശിശുവികസന പദ്ധതി ഓഫീസർ, ഏറ്റുമാനൂർ അഡീഷണൽ
2. ശ്രീമതി. ജയകുമാരി.ജെ. സൂപ്പർവൈസർ, ഐ.സി.ഡി.എസ്.,ഏറ്റുമാനൂർ അഡീഷണൽ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
2. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, കോട്ടയം
3. ജില്ലാ പ്രോഗ്രാം ഓഫീസർ, കോട്ടയം
4. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

NA/12

071277

GOVERNMENT OF KERALA